14-ാം കേരള നിയമ സഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 289 07.08.2017-ൽ മറുപടിയ്ക്ക്

## സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ് പ്രവേശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ, ക്രിസ്ത്യൻ മാനേജ്മെന്റ് അസോസിയേഷനുമായി സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ് പ്രവേശനകാര്യത്തിൽ മൂന്ന് വർഷത്തെ കരാർ 2015 ൽ ഒപ്പുവച്ചിരുന്നുവോ; | (എ) കരാർ ഒപ്പുവച്ചിരുന്നു. |
| (ബി) പ്രസ്തുത കരാർ പ്രകാരം സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് 2017 ൽ അവർക്ക് ഈടാക്കാവുന്ന ഫീസ് എത്രയായിരുന്നു; | (ബി) കരാർ പ്രകാരം 2017-18 ൽ ബാധകമായ ഫീസ് ചുവടെ ചേർക്കുന്നു.<br>എം.ബി.ബി.എസ് - ₹ 4,85,000/-<br>എൻ.ആർ.ഐ - ₹ 13,00,000/-<br>ബി.ഡി.എസ് - ₹ 3,63,000/-<br>എൻ.ആർ.ഐ - ₹ 6,00,000/- |
| (സി) ഈ വർഷത്തെ സ്വാശ്രയ എം.ബി.ബി.എസ്. ഫീസ് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ നിശ്ചയിച്ചപ്പോൾ ഈ കരാറിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിൽ എം.ബി.ബി.എസിന് 5 ലക്ഷം രൂപയും, ബി.ഡി.എസിന് 2.90 ലക്ഷം രൂപയും മെരിറ്റ്/മാനേജ്മെന്റ് സീറ്റിൽ നിശ്ചയിച്ചിരുന്നുവോ; | (സി) നിശ്ചയിച്ചിരുന്നു. |

| | |
|---|---|
| (ഡി) ഈ മാനേജ്മെന്റുകളുടെ കീഴിൽ വരുന്ന പുഷ്പഗിരി മെഡിക്കൽ കോളേജ് ഹൈക്കോടതിയിൽ നിന്നും ബി.ഡി.എസിന് 2017-18 ലും, 2015 ലെ എഗ്രിമെന്റ് പ്രകാരമുള്ള 3.30 ലക്ഷം രൂപ ഫീസ് ഈടാക്കുന്നതിന് അനുകൂല വിധി സമ്പാദിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട് |
| (ഇ) എങ്കിൽ എഗ്രിമെന്റിൽ പറഞ്ഞതിലും ഉയർന്ന ഫീസ് എം.ബി.ബി.എസിന് ഈടാക്കുവാൻ ഈ മാനേജ്മെന്റുകൾക്ക് കീഴിലുള്ള നാല് കോളേജുകൾക്കും രാജേന്ദ്രബാബു കമ്മിറ്റി അനുവാദം നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ? | മുൻകാല കാരാറുകൾ പരിശോധിച്ചും, സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ട്യൂഷൻ ഫീസിനത്തിലുള്ള വരുമാനം പരിശോധിച്ചുമാണ് എല്ലാ കോളേജുകൾക്കും ബാധകമായ വിധത്തിൽ 5 ലക്ഷം രൂപ താൽക്കാലിക ഫീസായി ജസ്റ്റിസ് രാജേന്ദ്ര ബാബു അദ്ധ്യക്ഷനായ സമിതി നിശ്ചയിച്ചത്. |

സെക്ഷൻ ഓഫീസർ